# കേരള സാഹിത്യ അക്കാദമിയോട് –
# "ആദരിച്ചില്ലെങ്കിലും അപമാനിക്കരുത്"



കേരള സാഹിത്യ അക്കാദമിയുടെ 'കേരളം ഓർമ്മസൂചിക 2019' എന്ന പേരിൽ പുറത്തിറക്കിയ ഡയറിയിൽ നവോത്ഥാനനായകരുടെ പട്ടികയിൽ മന്നത്തുപത്മനാഭന്റെ ചിത്രം ഇല്ലാത്തത് വിവാദമായി എന്ന് കഴിഞ്ഞദിവസത്തെ പത്രവാർത്തയിൽ കണ്ടു. ഈ വാർത്ത എൻ.എസ്. എസ്സിന്റെ ശ്രദ്ധയിൽപെട്ടെങ്കിലും പ്രതികരിക്കണമെന്നു തോന്നിയില്ല. വരുംവർഷങ്ങളിലും നവോത്ഥാനനായകരുടെ ചിത്രങ്ങൾ ഡയറിയിൽ ഉൾക്കൊള്ളിക്കുമെന്നും, പുറത്തിറക്കിയ ഡയറിയിൽ നവോത്ഥാനനായകരുടെ പട്ടികയിൽ 32 പേരുടെ ചിത്രങ്ങളാണ് ഉൾപ്പെടുത്തിയത് എന്നും 1992 മുതൽ പ്രസിദ്ധീകരിച്ചുവരുന്ന ഡയറിയിൽ ആദ്യമായാണ് നവോത്ഥാനനായകർ എന്ന പേരിൽ ചിത്രങ്ങളോടെ രണ്ടുപേജുകൾ ഉൾപ്പെടുത്തിയതെന്നും മന്നത്തുപത്മനാഭനെ ഒഴിവാക്കിയതല്ലെന്നും മുഴുവൻ നവോത്ഥാനനായകരെയും ഉൾപ്പെടുത്തിയുള്ള സമഗ്രവിവരം എന്ന നിലയ്ക്കല്ല രണ്ടു പേജ് ഉൾപ്പെടുത്തിയതെന്നും അക്കാദമി സെക്രട്ടറിയുടേതായ വിശദീകരണം ഇന്നത്തെ പത്രത്തിൽ കണ്ടപ്പോൾ പ്രതികരിക്കണമെന്ന് തോന്നി.

പ്രസ്തുത ഡയറിയിൽ നവോത്ഥാനനായകരുടെ കൂട്ടത്തിൽ മന്നത്തുപത്മനാഭന് അർഹമായ സ്ഥാനം നല്കിയിട്ടില്ല എന്ന് അറിഞ്ഞപ്പോൾതന്നെ സംഘാടകരുടെ ബോധപൂർവമായ നടപടിയാണ് അതിനു പിന്നിലുള്ളത് എന്നു മനസ്സിലാക്കിത്തന്നെയാണ് എൻ.എസ്.എസ്. ആദ്യം പ്രതികരിക്കാതിരുന്നത്. എന്നാൽ, സാമൂഹ്യപരിഷ്കർത്താവായ മന്നത്തു പത്മനാഭനെ 32 നവോത്ഥാനനായകരുടെ പട്ടികയിൽപെടുത്താൻപോലും തയ്യാറാകാതെ അപമാനിക്കുന്ന ചിത്രമാണ് അവരുടെ ഇപ്പോഴത്തെ വിശദീകരണത്തിൽനിന്നും തെളിഞ്ഞുവരുന്നത്. മന്നത്തു പത്മനാഭൻ ആരായിരുന്നു എന്നും, അദ്ദേഹം ഈ നാടിനും ജനങ്ങൾക്കും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ എന്താണെന്നും നല്ലതുപോലെ ജനങ്ങൾക്കറിയാം. അങ്ങനെയിരിക്കെ, ചരിത്രപുരുഷനായ മന്നത്തു പത്മനാഭനെ കേരള സാഹിത്യഅക്കാദമിയുടെ പേരിൽ ഇത്തരത്തിൽ അപമാനിക്കാൻ ശ്രമിച്ചത് അക്ഷന്തവ്യമായ തെറ്റുതന്നെയാണ്. ആദരിച്ചില്ലെങ്കിലും അപമാനിക്കരുത്.

പെരുന്ന
7.2.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി